**Series ΨYZXW/C** **Set-4**

प्रश्न-पत्र कोड
Q.P. Code **12**

रोल नं.
Roll No.

परीक्षार्थी प्रश्न-पत्र कोड को उत्तर-पुस्तिका के मुख-पृष्ठ पर अवश्य लिखें ।
Candidates must write the Q.P. Code on the title page of the answer-book.

# മലയാളം
# MALAYALAM

*അനുവദിച്ച സമയം : **3** മണിക്കൂർ* *ആകെ മാർക്ക് : **80***

*Time allowed : **3** hours* *Maximum Marks : **80***

- ചോദ്യപേപ്പറിൽ അച്ചടിച്ച **19** പുറങ്ങളുണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- പരീക്ഷാർത്ഥി ചോദ്യപേപ്പറിന്റെ വലതുമുകൾഭാഗത്ത് കൊടുത്തിരിക്കുന്ന ചോദ്യപേപ്പർ കോഡ് ഉത്തരക്കടലാസ്സിന്റെ ടൈറ്റിൽ പേജിൽ എഴുതേണ്ടതാണ്.
- ചോദ്യപേപ്പറിൽ **7** ചോദ്യങ്ങൾ ഉണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- **ഉത്തരം എഴുതുന്നതിനു മുമ്പായി ഉത്തരക്കടലാസ്സിൽ ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.**
- ചോദ്യപേപ്പർ വായിക്കാൻ 15 മിനിട്ടാണ് അനുവദിച്ചിട്ടുള്ളത്. രാവിലെ 10.15 നു ചോദ്യപേപ്പർ വിതരണം ചെയ്യുന്നതാണ്. രാവിലെ 10.15 മുതൽ 10.30 വരെ വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ വായിച്ചുനോക്കാനുള്ള സമയമാണ്. ഈ സമയം ഉത്തരക്കടലാസ്സിൽ ഒരു ഉത്തരവും എഴുതാൻ ശ്രമിക്കരുത്.
- Please check that this question paper contains **19** printed pages.
- Q.P. Code given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains **7** questions.
- **Please write down the serial number of the question in the answer-book before attempting it.**
- 15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

**General Instructions :**

(i) *It has total **7** questions.*

(ii) ***Section A :** 4 questions no. 1 to 4.*

(iii) ***Section B :** 3 questions no. 5 to 7.*

## എ വിഭാഗം / SECTION A

1. ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ***എട്ടെണ്ണത്തിന്*** മാത്രം ശരിയുത്തര. തെരഞ്ഞെടുത്തെഴുതുക. *8 ×1=8*

ഏകകോശ ജീവികളായ ബാക്ടീരിയകൾ നമ്മുടെ ഭൂമിയിലെ ആദ്യതാമസക്കാരാണ്. കോടിക്കണക്കിന് വർഷങ്ങൾ ബാക്ടീരിയ കളുടേത് മാത്രമായിരുന്നു ഭൂമി. നാം അറിയാതെ ബാക്ടീരിയകളെ ഭക്ഷിക്കുമ്പോഴുണ്ടാകുന്ന ഗുണങ്ങൾ ഏറെയാണ്. ആഹാരത്തിലൂടെ നേരിട്ട് ഉപയോഗിക്കാൻ കഴിയുന്ന ബാക്ടീരിയകളെയാണ് പ്രോബയോട്ടിക് ബാക്ടിരിയകൾ എന്ന് വിളിക്കുന്നത്. 'ജീവനു വേണ്ടി' എന്നർത്ഥം വരുന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് പ്രോബയോട്ടിക് എന്ന വാക്ക് ഉണ്ടാവുന്നത്. നമ്മൾ ഉപയോഗിക്കുന്ന തൈരും മോരും ജീവനുള്ള ബാക്ടീരിയകളെ ഉൾക്കൊള്ളുന്ന ആഹാരസാധനങ്ങളാണ്. അതുകൊണ്ടു തന്നെ ഇത്തരം ഭക്ഷണത്തെ പ്രവർത്തനക്ഷമമായ ആഹാരം എന്നു കൂടി വിളിക്കുന്നു. അപ്പം, ദോശ തുടങ്ങയവയും അണുക്കളെ നേരിട്ട് ആഹാരത്തിൽ ഉപയോഗിക്കുന്ന ഭക്ഷണങ്ങൾക്ക് ഉദാഹരണങ്ങളാണ്. ഇത്തരം ബാക്ടീരിയകൾ ശരീരത്തിന് ദോഷം ഉണ്ടാക്കുന്നില്ല എന്നുമാത്രമല്ല, ആമാശയ ഭിത്തികളിൽ പറ്റിപ്പിടിച്ചു കൊണ്ട് അവിടെ പെരുകുകയും മറ്റു ബാക്ടീരിയകളുമായി ചേർന്നു കൊണ്ട് ശരീരത്തിന് പ്രയോഗ്ഗനപ്പെടുകവും ചെയ്യുന്നു. ഏലി മെചുനിക്കോഫ് (1907) എന്ന ഗവേഷകനാണ് ജീവനുള്ള സൂക്ഷ്മാണുക്കൾക്ക് ആമാശയത്തിലെ സൂക്ഷ്മാണുക്കളെ

സ്വാധിനിക്കാനും, രോഗങ്ങൾ ഉണ്ടാക്കുന്നവയെ നിയന്ത്രിക്കാനും സാധിക്കും എന്ന് ആദ്യമായി പറയുന്നത്. ഏതാണ്ട് അതേകാലത്തു തന്നെ (1906) ഹെൻടി ടിസ്സർ എന്ന ഗവേഷകൻ കണ്ടെത്തിയ മറ്റോരു പ്രധാന സംഗതി ഫ്രാൻസിലെ വയറിളക്കമുള്ള കുട്ടികളിൽ ബൈഫിഡോ ബാക്ടീരിയകളുടെ എണ്ണം ക്രമാത്രീതമായി കുറവാണ് എന്നും അവ വയറിളക്കം ഇല്ലാത്ത കുട്ടികളിൽ കൂടുതലായി ഉണ്ടെന്നും കണ്ടെത്തി. ആമാശയത്തിലെ ഭിത്തികളിൽ വളരുന്ന ഈ ബാക്ടീരിയകൾ രോഗങ്ങൾ ഉണ്ടാക്കുന്ന ബാക്ടീരിയകളുമായി ഭക്ഷണത്തിനും അതു പോലെ സ്ഥലത്തിനും വേണ്ടി മത്സരിക്കുകയും ഒടുവിൽ രോഗങ്ങൾ ഉണ്ടാക്കുന്ന അണുക്കളെ പുറത്താക്കുകയും ചെയ്തു കോണ്ട് ശരീരത്തെ രോഗങ്ങളിൽ നിന്ന് സംരക്ഷിക്കുന്നു. ഇത്തരം സൂക്ഷ്മാണുക്കൾക്ക് ആമാശയത്തിനുള്ളിൽ ജീവിക്കാൻ വേണ്ട പ്രതിരോധ സംവിധാനങ്ങൾ വളരെ ആവശ്യമാണ്. അതിൽ ഏററവും പ്രധാനം ആമാശയത്തിന്റ ഭിത്തിയിൽ നിന്ന് വേർപെട്ടു പോകാതിരിക്കാനുള്ള കഴിവാണ്. ഇതിനെല്ലാം പുറമേ, ആമാശയിത്തിലെ രോഗങ്ങൾ ഉണ്ടാക്കുന്ന സൂക്ഷ്മാണുക്കളെ നിയന്ത്രിക്കാൻ ആവശ്യമായ പ്രതിയനഗികങ്ങൾ (ആന്റിബയോട്ടിക്കുകൾ) ഉത്പാദിക്കാനുള്ള കഴിവു കൂടി ആവശ്യമാണ്. ആമാശയത്തിനുള്ളിൽ പ്രോട്ടീനുകളും അമിനോ ആമ്ലങ്ങളും വിറ്റാമിനുകളും മൂലകങ്ങളും ശരീരത്തിന് ആവശ്യമായ തരത്തിലേയ്ക്ക് വേഗത്തിൻ മാറ്റുന്നതിനും അവയുടെ ആഗിരണശേഷി വർദ്ധിപ്പി ക്കുന്നതിനും ഇത്തരം സൂക്ഷ്മാണുകൾ ശരീരത്തെ സഹായിക്കുന്നു. കാൽസ്യം, മാംഗനീസ്, ഇരുമ്പു്, കോപ്പർ, ഫോസ്ഫറസ് എന്നീ മൂലകങ്ങൾ വേഗത്തിൽ ആഗിരണം ചെയ്യുന്നതിന് സഹായിക്കുന്നു കൂടാതെ ശരീരത്തിന് ആവശ്യമായ പോഷണങ്ങൾ ലഭ്യമാക്കുന്നതിൽ

ബാക്ടീരിയകൾക്കു് വലിയ പങ്കുണ്ടു് നമ്മൾ സാധാരണയായി കഴിക്കുന്ന പച്ചക്കറികളും പഴങ്ങളും എല്ലാം പ്രീബയോട്ടിക് ആഹാര വസ്തുക്കളാണ്. തക്കാളി, ഉള്ളി, വെളുത്തുള്ളി, സോയാബീൻ എന്നിവയും ഒട്ടുമിക്ക വാഴപ്പഴങ്ങളും എല്ലാം മികച്ച ഉദാഹരണങ്ങളാണ്. തേൻ, പാൽ, മുളക്കൂമ്പുകൾ എല്ലാം മികച്ചരീതിയിൽ ആമാശയത്തിലെ സൂക്ഷ്മാണുക്കളുടെ വളർച്ചയെ സഹായിക്കുന്ന ആഹാരസാധനങ്ങളാണ്.

**ചോദ്യങ്ങൾ :**

(i) പ്രതിയൗഗികങ്ങൾ എന്ന പദത്തിന്റെ സമാനാർത്ഥമുള്ള ഇംഗ്ലീഷ് പദമേത് ?

(a) ബാക്ടീരിയകൾ (b) ആന്റിബയോട്ടിക്കുകൾ

(c) ഫോസ്ഫറസ് (d) മാംഗനീസ്

(ii) 'ജീവനുവേണ്ടി' എന്നർത്ഥം വരുന്ന ഗ്രീക്ക് പദത്തിൽ നിന്നുണ്ടായ വാക്കേത് ?

(a) പ്രോബയോട്ടിക് (b) പ്രോട്ടീൻ

(c) പ്രീബയോട്ടിക് (d) ആന്റിബയോട്ടിക്

(iii) കോടിക്കണക്കിന് വർഷങ്ങൾ ഈ ഭൂമി ആരുടേത് മാത്രമായിരുന്നു ?

(a) മനുഷ്യരുടേത് (b) ബാക്ടീരിയകളുടേത്

(c) വൈറസുകളുടേത് (d) സസ്യങ്ങളുടേത്

(iv) പ്രവർത്തന ക്ഷമമായ ആഹാരത്തിന് ഉദാഹരണമല്ലാത്തത് :

(a) തൈര് (b) അപ്പം

(c) ദോശ (d) കഞ്ഞി

(v) ഫ്രാൻസിലെ വയറിളക്കമുള്ള കുട്ടികളിൽ ബൈഫിഡോ ബാക്ടീരിയകളുടെ എണ്ണം ക്രമാതീതമായി കുറവാണ് എന്ന് കണ്ടുപിടിച്ചതാര് ?

(a) ഏലിമെച്ചനിക്കോഫ് (b) ഹെൻട്രിടിസ്സർ

(c) ഏലിടിസ്സർ (d) ഹെൻടിമെച്ചനിക്കോഫ്

(vi) തക്കാളി, ഉള്ളി, വെളുത്തുള്ളി, സോയാബീൻ, വാഴപ്പഴങ്ങൾ എന്നിവ ഏത് ആഹാരവസ്തുക്കൾക്ക് ഉദാഹരണമാണ് ?

(a) പ്രീബയോട്ടിക്

(b) പ്രോബയോട്ടിക്

(c) ആന്റിബയോട്ടിക്

(d) ബൈഫിഡോ ബാക്ടീരിയ

(vii) മികച്ചരീതിയിൽ ആമാശയത്തിലെ സൂക്ഷ്മാണുക്കളുടെ വളർച്ചയെ സഹായിക്കുന്ന ആഹാരസാധനങ്ങളിൽ ഉൾപ്പെടാത്തതെന്ത് ?

(a) തേൻ

(b) പാൽ

(c) മത്സ്യം

(d) മുളക്കൂമ്പുകൾ

(viii) ബാക്ടീരിയകൾ താഴെ പ്പറയുന്നവയിൽ ഏത് വിഭാഗത്തിൽ പെടുന്നു ?

(a) ബഹുകോശ ജീവികൾ

(b) ദ്വികോശ ജീവികൾ

(c) ഏകകോശ ജീവികൾ

(d) കോശരഹിത ജീവികൾ

(ix) ഗവേഷണം ചെയ്യുന്നവൻ - ഒറ്റപ്പദമേത് ?

(a) ഗവേഷണൻ

(b) ഗവേഷകൻ

(c) ഗവേഷി

(d) വിദ്വാൻ

(x) ജീവനുള്ള സൂക്ഷ്മാണുകൾക്ക് മനുഷ്യന്റെ ആമാശയത്തിലെ സൂക്ഷ്മാണുക്കളെ സ്വാധീനിക്കാനം, രോഗങ്ങൾ ഉണ്ടാക്കുന്നവയെ നിയന്ത്രിക്കാനും സാധിക്കും എന്ന് ആദ്യമായി പറഞ്ഞതാര് ?

(a) ഏലിമെച്ചനിക്കോഫ്

(b) ഗ്രിഗർ ബൻഡൽ

(c) ഹെൻട്രിടിസ്സർ

(d) ഗ്രിഗർ മെച്ചനിക്കോഫ്

(xi) കാൽസ്യം, മാംഗനീസ്, ഇരുമ്പ്, കോപ്പർ, ഫോസ്ഫറസ് - എന്നിവയെല്ലാം തന്നെ താഴെ പറയുന്നവയിൽ ഏത് വിഭാഗത്തിൽ ഉൾപ്പെടുന്നു ?

(a) മൂലകങ്ങൾ

(b) പ്രോട്ടീനുകൾ

(c) അമിനോ ആസ്ലങ്ങൾ

(d) വിറ്റാമിനുകൾ

2. ഏതെങ്കിലും ***എട്ടെണ്ണത്തിന്*** മാത്രം ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക : *8×1=8*

(i) തവ – എന്നതിന്റെ വിപരീതപദം എന്ത് ?

(a) അവ (b) ഇവ

(c) മമ (d) അതവ

(ii) ആയുധം - ഈ പദത്തിന്റെ ശരിയായ ഒരു പര്യായ പദം എടുത്തെഴുതുക.

(a) ശാസ്ത്രം (b) സ്യന്ദനം

(c) ശസ്ത്രം (d) മേധം

(iii) 'ശാശ്വതലോകം' - എന്ന സമസ്തപദത്തിന്റെ ശരിയായ വിഗ്രഹാർത്ഥം ഏത് ?

(a) ശാശ്വതം എന്ന ലോകം

(b) ശാശ്വതമായ ലോകം

(c) ശാശ്വതത്തിലെ ലോകം

(d) ശാശ്വതത്താൽ ഉള്ള ലോകം

(iv) അസ്ത്രം – എന്ന അർത്ഥം വരാത്ത പദമേത് ?

(a) ശരം

(b) ബാണം

(c) അമ്പ്

(d) വില്ല്

(v) ക്ഷയം – എന്നപദത്തിന്റെ നാനാർത്ഥപദങ്ങൾ ഏവ ?

(a) ക്ഷേമം

(b) നാശം

(c) സുഖം

(d) ഒരു രോഗം

(vi) 'പൊതിയഴിച്ചു' എന്ന എന്ന പദത്തിന്റെ ശരിയായ പിരിച്ചെഴുത്ത് ഏത് ?

(a) പൊതി + അഴിച്ചു

(b) പൊതി + യഴിച്ചു

(c) പൊ + തിയഴിച്ചു

(d) പൊതിയ് + അഴിച്ചു

(vii) പ്രഭവം, പ്രഭാവം – ഇവയുടെ അർത്ഥ വ്യത്യാസം വ്യക്തമാക്കുക :

(a) ശപഥം

(b) ഉദ്ഭവം

(c) നമസ്കാരം

(d) മഹിമ

(viii) 'എക്കാലവും ജീവിച്ചിരിക്കുന്നവൻ' എന്നതിന്റെ ശരിയായ ഒറ്റപ്പദം ഏത് ?

(a) സ്ഥിരസത്വൻ

(b) മഹാരഥൻ

(c) അനുചരൻ

(d) ചിരഞ്ജീവി

(ix) ഗുമസ്തൻ - എന്ന പദത്തിന്റെ എതിർലിംഗപദമേത് ?

(a) ഗുമസ്തി (b) ഗുമസ്ത

(c) ഗുമസ്തിനി (d) ഗുമസ്തിണി

(x) തന്നിരിക്കുന്നവയിൽ ശരിയായ പദം ഏതാണെന്ന് കണ്ടെത്തി എഴുതുക :

(a) മണിപീഡം (b) മണിപീടം

(c) മണിപീഢം (d) മണിപീഠം

**3.** ഏതെങ്കിലും ***നാലെണ്ണത്തിന്*** മാത്രം ബ്രാക്കററിൽ നിന്ന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക. (ഒരോന്നിനും ഓരോമാർക്കു വീതം) : *4×2=8*

(A) "ഓണക്കാലത്തുണരും ഞാൻ, തിരു -
വോണപ്പാട്ടുകളാണെൻ പാട്ടുകൾ"

(i) ഓണക്കാലത്തുണരുന്നത് അര് ?

(a) നെയ്യാമ്പലുകൾ

(b) പുള്ളുവൻ

(c) ഓണപ്പുലരി

(d) തുമ്പപ്പൂക്കൾ

(ii) ഇതിൽ പുള്ളുവനായി കൽപ്പിക്കുന്നത് ആരെയാണ് ?

(a) കവിയെ (b) മഹാബലിയെ

(c) പ്രകൃതിയെ (d) ഓണത്തപ്പനെ

(B) "ഒര് റേഡിയോ വാങ്ങിക്കണം സുക്വോ."

(i) ഇത് ആര് ആരോടു പറഞ്ഞതാണ് ?

(a) ചാക്കുണ്ണി സുഹൃത്തിനോട്

(b) ചെമ്പുമത്തായി കണ്ടക്കൂറോട്

(c) ചാക്കുണ്ണി കണ്ടക്കൂറോട്

(d) വെള്ളായിയപ്പൻ മകനോട്

(ii) 'കാക്കരദേശത്തെ ഉറുമ്പുകൾ' എന്ന കൃതി ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു ?

(a) സന്ദേശകാവ്യം

(b) ബാലസാഹിത്യം

(c) ഖണ്ഡകാവ്യം

(d) യാത്രാ വിവരണം

(C) “മരയ്ക്കാരേ ഇനിയൊരിക്കലും എനിക്കത് വിട്ടാൻ കഴിഞ്ഞെന്നു വരില്ല.”

(i) മരയ്ക്കാർക്ക് കടം വീട്ടാനുള്ളത് ആര് ?

(a) കുട്ട്യസ്സൻ മാപ്പിള

(b) ചാക്കുണ്ണി

(c) വെള്ളായിയപ്പൻ

(d) ചെമ്പുമത്തായി

(ii) എത്ര രൂപയാണ് കടമായിട്ടുണ്ടായിരുന്നത് ?

(a) പതിനഞ്ചുറുപ്പികയും എട്ടണയും

(b) പതിനഞ്ചുറുപ്പികയും നാലണയും

(c) നാലുറുപ്പികയും എട്ടണയും

(d) പത്ത് റുപ്പികയും നാലണയും

(D) “വത്സ ! സൗമിത്രേ ! കുമാരാ ! നീകേൾക്കണം
മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ”

(i) ‘സൗമിത്രേ’ എന്ന് പരാമർശിക്കുന്നത് അരെയാണ് ?

(a) ലക്ഷ്മണനെ

(b) സുമിത്രയെ

(c) രാമനെ

(d) ദശരഥനെ

(ii) ഈ വരികളിൽ തെളിയുന്ന ഭാവം എന്ത് ?

(a) പരിഹാസം

(b) ദേഷ്യം

(c) സ്നേഹവും വാത്സല്യവും

(d) ദുഃഖം

(E) “ഞാനിന്ന് ഇന്ദ്രനെപ്പോലെയായി” – ഇങ്ങനെ

(i) പറയാൻ കാരണം എന്ത് ?

(a) ധൃഷ്ടദ്യുമ്നനെ വധിച്ചതറിഞ്ഞ്

(b) ശിഖണ്ഡിയെ കൊന്നതറിഞ്ഞ്

(c) യജ്ഞം ചെയ്തതുക്കൊണ്ട്

(d) ലക്ഷ്ണമൊത്ത കുതിരകളിൽ യാത്രചെയ്തതിനാൽ

(ii) മലയാള സാഹിത്യനിരൂപകരിൽ പ്രമുഖൻ ആര് ?

(a) കുട്ടികൃഷ്ണമാരാർ

(b) എഴുത്തച്ഛൻ

(c) എസ്.കെ. പൊറ്റെക്കാട്ട്

(d) ഒ.വി. വിജയൻ

(F) “പ്രാണനോടു മൊരുനാൾ ഭവൽപദം
കാണുവാൻ ചിരമഹോ, കൊതിച്ചു ഞാൻ.”

(i) ഇതിൽ ‘ഞൻ’ എന്ന് സൂചിപ്പിക്കുന്നത് ആരെയാണ് ?

(a) ലക്ഷമണൻ

(b) നളിനി

(c) ശ്രീരാമൻ

(d) ദിവാകരൻ

(ii) ആധുനിക മഹാകവിത്രയത്തിൽ ഉൾപ്പെടുന്ന കവി ആര് ?

(a) എഴുത്തച്ഛൻ

(b) ചെറുശ്ശേരി

(c) കുമാരനാശാൻ

(d) വൈലോപ്പിള്ളി ശ്രീധരമേനോൻ

**4.** എതെങ്കിലും ***നാലെണ്ണത്തിനു*** മാത്രം ബ്രാക്കറ്റിൻ നിന്നു് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക (ഒരോന്നിനും 1 മാർക്ക് വീതം) : *4×4=16*

(A) “എന്റെ ആജ്ഞയനുസരിച്ച് ദ്രോണപുത്രനെ സേനാപതിയായി അഭിക്ഷേയിക്കൂ. ബ്രാഹ്മണൻ രാജാവിന്റെ കൽപ്പന കിട്ടിയിട്ടേ യുദ്ധം ചെയ്യാവൂ എന്നാണ് ധർമ്മജ്ഞന്മാരുടെ അനുശാസനം” –

(i) ദ്രോണ പുത്രനാര് ?

(a) കൃപർ (b) അശ്വത്ഥാമാവ്

(c) ധൃഷ്ടദ്യുമ്നൻ (d) കൃതവർമ്മാവ്

(ii) ഈ വരികൾ ഉൾപ്പെടുന്ന കൃതി ഏത് സാഹിത്യ വിഭാഗത്തിൽ പ്പെടുന്നു ?

(a) നിരൂപണം (b) ചെറുകഥ

(c) നോവൽ (d) നാടകം

(iii) കൗരവർക്ക് എത്ര അക്ഷൗഹിണിപ്പട ഉണ്ടായിരുന്നു ?

(a) പതിനൊന്ന്

(b) ഏഴ്

(c) ഒമ്പത്

(d) പതിമൂന്ന്

(iv) ‘വ്യാസഭാരത’ത്തിലെ കഥാപാത്രങ്ങളേയും, കഥാസന്ദർഭങ്ങളേയും അടിസ്ഥാനമാക്കി കുട്ടികൃഷ്ണമാരാർ രചിച്ച കൃതി ഏത് ?

(a) കല ജീവിതം തന്നെ

(b) സാഹിത്യഭൂഷണം

(c) മലയാളശൈലി

(d) ഭാരതപര്യടനം

(B) "രണ്ടു മൂന്നാളു കളുണ്ടെങ്കിലും, പിന്നി -
ലുണ്ട്, ഒഴിവു കനത്തൊരിരുളിടം"

(i) ഇരുൾ കനത്ത ആ ഇടം എവിടെയായിരുന്നു ?
- (a) ആശുപത്രിക്കരികിൽ
- (b) തെരുവിൽ
- (c) വിദ്യാലയത്തിനരികെ
- (d) മാളിനടുത്ത്

(ii) ഈ വരികൾ ആരെഴുതിയതാണ് ?
- (a) വൈലോപ്പിള്ളി
- (b) എഴുത്തച്ഛൻ
- (c) കുമാരനാശാൻ
- (d) രഫീക്ക് അഹമ്മദ്

(iii) ഈ കവിതയിൽ അമ്മയുടെ കണ്ണുകളെ എങ്ങനെ വിശേഷിപ്പിച്ചിരിക്കുന്നു ?
- (a) കരിന്തിരിയായി
- (b) മങ്ങിപ്പഴകിയ പിഞ്ഞാണ വർണ്ണമായി
- (c) കനത്ത ഇരുളായി
- (d) ഉറക്കച്ചടവുള്ളതായി

(iv) ഈ വരികൾ ഏത് കവിതയിലേതാണ് ?
- (a) അമ്മയുടെ എഴുത്തുകൾ
- (b) അമ്മത്തൊട്ടിൽ
- (c) എന്റെ അമ്മ
- (d) അമ്മ മനസ്സ്

(C) “കൈയിൽ ഘടികാരമില്ലെങ്കിലും, ഒരു കർഷകന്റെ ജന്മ സിദ്ധിയിലൂടെ വെള്ളായിയപ്പൻ സമയം അറിഞ്ഞു.”

(i) എന്തിനുള്ള സമയത്തെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്?

(a) നേരം പുലരുന്നതിന്റെ

(b) മകന്റെ വധശിക്ഷയുടെ

(c) തീവണ്ടി എത്തുന്നതിന്റെ

(d) സൂര്യാസ്തമയത്തിന്റെ

(ii) വെള്ളായിയപ്പൻ ഏതു ഗ്രാമത്തിൽ നിന്നാണ് യാത്ര തിരിച്ചത്?

(a) പാഴുതറ

(b) ആറാട്ടുകുന്ന്

(c) കണ്ണൂർ

(d) പാലക്കാട്

(iii) എവിടെ വെച്ചാണ് വെള്ളായിയപ്പൻ സമയം അറിഞ്ഞത്?

(a) കടൽത്തീരത്ത്

(b) ജയിലിന്റെ പരിസരത്ത്

(c) തീവണ്ടിയാപ്പിസിൽ

(d) തടവറയുടെ തണുത്ത ഇടനാഴിയിൽ

(iv) താഴെ കൊടുത്തിരിക്കുന്നവയിൽ ഒ.വി. വിജയന്റെ കൃതി ഏത്?

(a) കുന്നുകൾ നക്ഷത്രങ്ങൾ

(b) ഗോമവൃക്ഷത്തിലെ വവ്വാൽ

(c) ഋശ്യശൃംഗനും അലക്സാണ്ടറും

(d) മധുരം ഗായതി

(D) “ഇതിപ്പോ നീയ് ആദ്യായിട്ട് ഒരു കാര്യം വന്ന് ചോയിക്കുമ്പോ ഇല്ലാന്നെങ്ങന്യാ പറയ്യാ ?”

(i) എവിടെവെച്ചാണ് ഇപ്രകാരം പറയുന്നത് ?

(a) ചെമ്പുമത്തായിയുടെ വീട്ടിൽ വെച്ച്

(b) പാടവരമ്പത്ത്‌വെച്ച്

(c) ആശുപത്രിയിൽ വെച്ച്

(d) ബസ്സിൽവെച്ച്

(ii) ചാക്കുണ്ണി ആരായിരുന്നു ?

(a) തയ്യൽക്കാരൻ

(b) കണ്ടക്ടർ

(c) പലിശക്കാരൻ

(d) പണക്കാരൻ

(iii) ആദ്യായിട്ട് ചോദിക്കുന്ന കാര്യമെന്ത് ?

(a) ഒരു റേഡിയോ വാങ്ങണമെന്ന്

(b) ബാലമണ്ഡലം കേൾക്കണമെന്ന്

(c) ബാറററി മാററിയിടണമെന്ന്

(d) റേഡിയോ പണയത്തിനെടുക്കണമെന്ന്

(iv) അത്രയും കാലം അയാൾ പണയത്തിനെടുത്തിരുന്നത് അതുമാത്രം ആയിരുന്നു. ഏത് ?

(a) വസ്തുവകകൾ

(b) സ്വർണ്ണം

(c) വീടും പറമ്പും

(d) പാത്രങ്ങൾ

(E) "ഏതുമുറങ്ങാതെമ്പാടും, വയ -
ലേലകൾതോറും നടുവിൽ പൊൽക്കിഴി -
യെരിയും വെള്ളിത്താലമെടുത്തൂ ......"

(i) ആരാണ് വെള്ളിത്താലമെടുത്തു നിൽക്കുന്നത് ?

(a) നറുമുക്കുറ്റികൾ

(b) നെയ്യാമ്പലുകൾ

(c) കമുകിൻ പൂവരി

(d) തുമ്പപ്പൂക്കൾ

(ii) എന്തിനാണ് വെള്ളിത്താലമെടുന്തു നിൽക്കുന്നത് ?

(a) ഓണത്തപ്പനെ വരവേൽക്കാൻ

(b) ഒണക്കോടിയുടുക്കാൻ

(c) പുള്ളുവന്റെ പാട്ടുകേൾക്കാൻ

(d) ഒണപ്പാട്ടുകൾ പാടാൻ

(iii) വയൽ - എന്ന പദത്തിന് അർത്ഥം വരുന്ന പദമേത് ?

(a) അംബരം

(b) കേദാരം

(c) ജലജം

(d) വിഹായാസ്സ്

(iv) വൈലോപ്പിള്ളി ശ്രീധരമേനോന്റെ രചനകൾ വിശേഷിപ്പിക്കപ്പെടുന്നത് എങ്ങനെ ?

(a) കാച്ചിക്കുറുക്കിയ കവിത

(b) ശക്തിയുടെ കവിത

(c) സ്നേഹത്തിന്റെ കവിത

(d) വിഷാദകവിത

## ബി വിഭാഗം / SECTION B

**5.** (I) പ്രയോഗം മാററുക : *2 ×1=2*

(a) നിങ്ങൾ എന്റെ ജയത്തിനുവേണ്ടി ആവുന്നതൊക്കെ ചെയ്തു.

(b) മത്തായി തന്റെ കണക്കു പുസ്തകം തുറന്നു.

(II) അംഗവാക്യം, അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക : *2 ×1=2*

(a) അവസാനത്തെ തിരിഞ്ഞു നോട്ടത്തിന്റെ ശ്രദ്ധാഞ്ജലിയോടെ വെള്ളായിയപ്പൻ പതുക്കെ നടന്നകന്നു.

(b) അയാൾ വരമ്പുമുറിച്ചു കടക്കുമ്പോൾ എതിരെ വരുന്നവർ റേഡിയോ ശ്രദ്ധിക്കുമായിരുന്നു.

(III) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക : *2 ×1=2*

(a) ചക്രം ചവിട്ടുമ്പോഴും സൂചി ഉയർന്നുതാഴുമ്പോഴുമെല്ലാം അയാൾ അജ്ഞാതമായ അറിയാത്ത പാട്ടിനുവേണ്ടി കാതോർത്തു.

(b) ഒരു പരിചയമില്ലാത്തവനെ അപരിചിതനെപ്പോലെ കണ്ടുണ്ണി വെള്ളായിയപ്പനെ നോക്കി.

(IV) അർത്ഥം മാറാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാററുക. *2 ×1=2*

(a) ശിബിരത്തിൽ നിന്ന് ചാടി ഓടാൻ ചെന്നവരെ കൃപരും കൃതപർമ്മാവു കൊന്നു വീഴത്തി.

(b) പുതിയ ബാറ്ററികൾ മാറ്റിയിട്ടുകെണ്ട് ചാക്കുണ്ണി റേഡിയോയ്ക്ക് കണ്ഠശുദ്ധി വരുത്തി.

(V) എതെങ്കിലും ***രണ്ടെണ്ണം*** ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക. *2 ×1=2*

(a) കൈയൊഴിയുക

(b) നിജം വരുത്തുക

(c) അശ്വസിപ്പിക്കുക

**6.** ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (ഒരോന്നിനും അഞ്ചു മാർക്ക് വീതം)

(a) ഏതെങ്കിലും ***ഒരു*** വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. *5*

(i) രാഷ്ട്ര പുരോഗതിയിൽ വിദ്യാർത്ഥികളുടെ പങ്ക്

(ii) ആരോഗ്യമാണ് സമ്പത്ത്

(b) കത്ത് തയ്യാറാക്കുക : *5*

നിങ്ങൾ താമസിക്കുന്ന മലയോര മേഖലയിലെ അസഹ്യമായ കാട്ടാനശല്യം എത്രയും വേഗം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വനം വകുപ്പുമന്ത്രിക്ക് പഞ്ചായത്ത് പ്രസിഡണ്ട് എന്നനിലയിൽ ഒരു കത്ത് തയ്യാറാക്കുക.

(c) പത്രവാർത്ത തയ്യാറാക്കുക : *5*

വാർദ്ധക്യത്തിന്റെ വിഷമതകളുമായി ഒററപ്പെട്ടുകഴിയുന്ന അന്ധദമ്പതികൾക്ക് തുണയായി എത്തിയ 'തണൽവീട്' പ്രവർത്തകർക്ക് അഭിനന്ദനപ്രവാഹവും നാടിന്റെ ആദരവും - ഒരു പത്രവാർത്ത തയ്യാറാക്കുക.

**7.** താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക. (ഒരോന്നിനും മൂന്നു മാർക്ക് വീതം)

(a) ഏതെങ്കിലും ***ഒരു*** ചോദ്യത്തിന് മാത്രം ഉത്തരമെഴുതുക : *1×3=3*

(i) "ഇനി നിനക്ക് തരാൻ എന്റെകൈയിൽ ഇത് മാത്രമേ ഉള്ളൂ" – ഏത് ? പാഠസന്ദർഭം വിവരിക്കുക.

(ii) "ശപിക്കപ്പെട്ടവൻ' എന്നവാക്ക് മുഴുവനർത്ഥത്തിൽ വല്ലവരെപ്പറ്റിയും പറയാമെങ്കിൽ അതീ അശ്വത്ഥാമാവിനെപ്പറ്റിയാണ്." – മാരാരുടെ ഈ പ്രസ്താവന വിലയിരുത്തുക.

(b) ഏതെങ്കിലും ***രണ്ടു*** ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക : *2×3=6*

(i) ഓണത്തപ്പനെ വരവേൽക്കാൾ മലയാളക്കാര ഒരുങ്ങിയതെങ്ങനെ എന്ന് വിവരിക്കുക.

(ii) "ധീരനായ യതി നോക്കി തന്വിതൻ
ഭൂരിബാഷ്പപരിപാടലം മുഖം
പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ
ധാരയാർന്ന പനിനീർസുമൊപമം"
– സന്ദർഭം, ആശയം എന്നിവ വിശദമാക്കുക.

(iii) മനുഷ്യജന്മത്തിന്റെ നശ്വരത ശ്രീരാമൻ ലക്ഷ്മണനെ ബോധ്യപ്പെടുത്തിയ തെങ്ങനെ ?

(c) എതെങ്കിലും ***രണ്ടു*** ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക. *2×3=6*

(i) ചട്ടമ്പിസ്വാമികളും വിവേകാനന്ദനുമായുള്ള സമാഗമം വിവരിക്കുക.

(ii) ചട്ടമ്പിസ്വാമികൾ കുട്ടികളുടെ ഒരു ലോകം തന്നെ തനിക്കു ചുറ്റും സൃഷ്ടിച്ചതെങ്ങനെ ?

(iii) അഴിമതിക്കാരനായ ഉദ്യോഗസ്ഥന് ചട്ടമ്പിസ്വാമികൾ ഉചിതമായ പാഠം നൽകിയത് എങ്ങനെ ?